# പത്രക്കുറിപ്പ്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന പത്താതരം തുല്യതാ "എ" ലെവൽ കോഴ്സിന്റെ പരീക്ഷാ 23-01-2008 മുതൽ 31-01-2008 വരെ തെരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്നതാണ്. വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിലും, ജില്ലാ സാക്ഷരതാ ആഫീസുകളിലും അപേക്ഷാഫാറത്തിന്റെ മാത്രക ലഭിക്കുന്നതാണ്. 18 വയസ് പൂർത്തിയാവുകയും കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന "എ ലെവൽ" കോഴ്സ് പൂർത്തിയാക്കുകയും ചെയ്തവർക്ക് പത്താം തരം തുല്യതാ പീരീക്ഷ എഴുതാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ അതാത് പരീക്ഷാ കേന്ദ്രങ്ങളിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ മാർക്ക് 14-12-2007 വൈകുന്നേരം 4.00 മണിക്കു മുൻപായി നൽകേണ്ടതാണ്. പരീക്ഷാ ഫീസായ 600 രൂപ, സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ എസ്. ബി. റ്റി. പൂജപ്പുര, തിരുവനന്തപുരം ശാഖയിൽ മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി അപേക്ഷയോടോപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. മറ്റു വിശദ വിവരങ്ങൾക്ക് അതാതു ജില്ലാകളിലെ സാക്ഷരതാ മിഷൻ ഓഫീസുമായോ, പരീക്ഷാ കേന്ദ്രങ്ങളുമായോ ബന്ധപ്പെടേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരം സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

സെക്രട്ടറി
പരീക്ഷാ ഭവൻ
പൂജപ്പുര, തിരുവനന്തപുരം.

നമ്പർ.സി.ജനറൽ(1)/21155/2007 സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം
തീയതി. 14-11-2007

# വിജ്ഞാപനം

വിഷയം:- പത്താംതരം തുല്യതാ "എ" ലെവൽ കോഴ്സിന്റെ പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്.

സൂചന:- 1. ജി.ഒ.(എം.എസ്സ്) നം.78/2004/പൊതു.വി.വ. തീയതി.09/03/2007.
2. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 19.06.2007-ലെ ഇ/1767/07 എന്ന നമ്പറിലെ കത്ത്.

9.03.2004-ലെ ജി.ഒ.(എം.എസ്) 78/2004/പൊ.വി.വ.എന്ന ഉത്തരവ് പ്രകാരം 2008 ജനുവരി മാസത്തിൽ പത്താംതരം തുല്യത "എ ലെവൽ'' കോഴ്സിന്റെ പരീക്ഷ നടത്തുവാൻ തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. എസ്.എസ്.എൽ.സി പരീക്ഷ യ്ക്കുള്ള എല്ലാ വിഷയങ്ങളും ഉൾക്കൊള്ളിച്ചുള്ള പരീക്ഷയാണ് നടത്തുന്നത്. മലയാളം, ഇംഗ്ളീഷ്, സാമൂഹ്യശാസ്ത്രം, ജനറൽ സയൻസ്, ഗണിതം എന്നീ വിഷയങ്ങൾക്ക് പരമാവധി 100 മാർക്കിന്റേയും , ഹിന്ദി, ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങൾക്ക് പരമാവധി 50 മാർക്കിന്റെയും പരീക്ഷകളാണ് നടത്തുന്നത്. 100 മാർക്കിന്റെ പരീക്ഷയ്ക്ക് 3 മണിക്കൂർ സമയവും 50 മാർക്കിന്റെ പരീക്ഷയ്ക്ക് ഒന്നര മണിക്കൂർ സമയവും ആണ് അനുവദിച്ചിരിക്കുന്നത്.

<u>ഗുണഭോക്താക്കൾ</u>

18 വയസ് പൂർത്തിയാവുകയും കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന "എ ലെവൽ" കോഴ്സ് പൂർത്തിയാക്കിയവരുമായ പഠിതാക്കൾക്ക് പ്രസ്തുത പരീക്ഷ എഴുതുവാൻ അർഹത ഉണ്ടായിരിക്കും.

വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിലും ജില്ലാ സാക്ഷരതാ ആഫിസുകളിൽ നിന്നും അപേക്ഷാഫാറത്തിന്റെ മാത്യക ലഭിക്കുന്നതാണ്. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച പൂരിപ്പിച്ച അപേക്ഷാ ഫാറം നിശ്ചിത തീയതിക്കു മുൻപായി അതാതു പരീക്ഷാ കേന്ദ്രങ്ങളിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പുറകുവശത്ത് ഗസറ്റഡ് ഓഫീസർ ഒപ്പും സീലും രേഖപ്പെടുത്തിയ ഒരു ഫോട്ടോകൂടി ഇളക്കി മാറ്റാൻ കഴിയുന്ന വിധത്തിൽ പിൻ ചെയ്ത് വയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സാക്ഷരതാ മിഷൻ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

# 2008 ജനുവരി മാസത്തിൽ നടത്തുന്ന എ  ലെവൽ തുല്യത പരീക്ഷയുടെ സമയ വിവരപ്പട്ടിക

| | | | |
|---|---|---|---|
| 23-01-2008<br>ബുധൻ | പാർട്ട് 1 | മലയാളം | 9.45A.M-1.P.M |
| 24-01-2008<br>വ്യാഴം | പാർട്ട് 1 | ഇംഗ്ലീഷ് | 9.45A.M-1.P.M |
| 25-01-2008<br>വെള്ളി | പാർട്ട് 1 | ഹിന്ദി | 9.45A.M-11.30A.M |
| 28-01-2008<br>തിങ്കൾ | പാർട്ട് 2 | ഗണിതം | 9.45A.M-1.P.M |
| 29-01-2008<br>ചൊവ്വ | പാർട്ട് 2 | ഇൻഫർമേഷൻ ടെക്നോളജി | 9.45A.M-11.30 A.M |
| 30-01-2008<br>ബുധൻ | പാർട്ട് 2 | സാമൂഹ്യശാസ്ത്രം (ചരിത്രം, പൗരധർമ്മം, ഭൂമിശാസ്ത്രം) | 9.45A.M-1.P.M |
| 31.01.2008<br>വ്യാഴം | പാർട്ട് 2 | ജനറൽ സയൻസ് (ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം) | 9.45A.M-1.P.M |

Cool of Time 15 minite (9.45-10.A.M)

# പരീക്ഷാ രീതി

| വിഷയങ്ങൾ | ആകെ മാർക്ക് | ഓരോ വിഷയത്തിനും ജയിക്കാൻ വേണ്ട മിനിമം മാർക്ക് | ഓരോ പാർട്ടിനും ജയിക്കാൻ വേണ്ട മിനിമം മാർക്ക് |
|---|---|---|---|
| പാർട്ട് I | | | |
| മലയാളം | 100 | 30 | |
| ഇംഗ്ലീഷ് | 100 | 30 | 90 |
| ഹിന്ദി | 50 | 15 | |
| പാർട്ട് 2 | | | |
| സാമൂഹ്യശാസ്ത്രം (ചരിത്രം, പൗരധർമ്മം ഭൂമിശാസ്ത്രം ) | 100 | 30 | |
| ജനറൽ സയൻസ് (ഊർജ്ജതന്ത്രം, രസതന്ത്രം ജീവശാസ്ത്രം) | 100 | 30 | 105 |
| ഗണിതം | 100 | 30 | |
| ഇൻഫർമേഷൻ ടെക്നോളജി | 50 | 15 | 15 |
| ആകെ | 600 | | 210 |

# പരീക്ഷാ കേന്ദ്രങ്ങളുടെ പേര് വിവരം

| നമ്പർ | റവന്യൂജില്ല | പരീക്ഷാകേന്ദ്രങ്ങൾ | പരീക്ഷാ കേന്ദ്രത്തിന്റെ നമ്പർ |
|---|---|---|---|
| 1 | കാസറഗോഡ് | 1. ഗവ: എച്ച്.എസ്.എസ്. ഹോസ്ദുർഗ്, കാഞ്ഞങ്ങാട് | 12004 |
| 2 | കണ്ണൂർ | 1. മൂത്തേടത്ത് എച്ച്.എസ്.തളിപ്പറമ്പ<br>2. ഗവ: വി.എച്ച്.എസ്.എസ്. കണ്ണൂർ<br>3. ഗവ: ബ്രണ്ണൻ എച്ച്.എസ്.എസ്. തലശ്ശേരി | 13024<br>13005<br>14004 |
| 3 | വയനാട് | 1. ഗവ: വി.എച്ച്.എസ്. അമ്പലവയൽ<br>2. സർവ്വജന എച്ച്.എസ.എസ്. സുൽത്താൻബത്തേരി<br>3. എസ്.കെ.എം. ജെ.എച്ച്.എസ്.എസ്. കൽപ്പറ്റ<br>4. ഗവ: വി.എച്ച്.എസ്.എസ്. മാനന്തവാടി<br>5. ദേവി വിലാസം എച്ച്.എസ്.പുൽപ്പള്ളി വെളിയമ്പം | 15057<br>15053<br>15022<br>15006<br>15039 |
| 4 | കോഴിക്കോട് | 1. ഗവ. മോഡൽ എച്ച്.എസ്.എസ്. കോഴിക്കോട്<br>2. നാഷണൽ എച്ച്.എസ്.എസ്. വട്ടോളി | 17021<br>16061 |
| 5 | മലപ്പുറം | 1. എസ്.എച്ച്.എം.ജി.വി.എച്ച്.എസ്.എസ്. എടവണ്ണ<br>2. ബി. ഇ. എം. എച്ച്. എസ്. എസ്. പരപ്പനങ്ങാടി<br>3. ജി.എച്ച്.എസ്.എസ്.വളാഞ്ചേരി | 18069<br>19004<br>19035 |
| 6 | പാലക്കാട് | 1. ഗവ: മോയൻസ് മോഡൽസ് ജി.എച്ച്.എസ്.എസ്. പാലക്കാട്<br>2. കെ.ടി.എം.എച്ച്.എസ് മണ്ണാർക്കാട്<br>3. ഗവ: എച്ച്.എസ്.എസ്. മേലേ പട്ടാമ്പി<br>4. ഗവ: വി.എച്ച്.എസ.എസ്. അഗളി | 21054<br>21084<br>20016<br>21089 |
| 7 | തൃശൂർ | 1. ഗവ. മോഡൽ. ബി.എച്ച്.എസ്. തൃശൂർ | 22056 |
| 8 | എറണാകുളം | 1. ഗവ: ജി.എച്ച്.എസ്.എസ്. ആലുവ<br>2. എസ്.ആർ.വി. മോഡൽ വി.എച്ച്.എസ്.എസ്. എറണാകുളം<br>3. ഗവ: വി.എച്ച്.എസ്. മാതിരപ്പള്ളി | 25007<br>26029<br>27022 |
| 9 | ഇടുക്കി | 1. ഗവ: വി.എച്ച്.എസ്.എസ്. തൊടുപുഴ<br>2. ഗവ: ട്രൈബൽ എച്ച്.എസ്. ചക്കുവള്ളം, കട്ടപ്പന | 29023<br>30039 |
| 10 | കോട്ടയം | 1. ഗവ.എച്ച്.എസ്. പേട്ട, കാഞ്ഞിരപ്പള്ളി<br>2. ഗവ. മോഡൽ എച്ച്.എസ്.എസ്. കോട്ടയം | 32032<br>33027 |
| 11 | ആലപ്പുഴ | 1. ഗവ: ജി.എച്ച്.എസ്.എസ്. ഹരിപ്പാട്<br>2. ഗവ: മുഹമ്മദൻസ് ജി.എച്ച്.എസ്. ആലപ്പുഴ | 35029<br>35009 |
| 12 | പത്തനംതിട്ട | 1. ഗവ: വി.എച്ച്.എസ്.എസ്. പത്തനംതിട്ട<br>2. ഗവ: മോഡൽ ജി.എച്ച്.എസ്. തിരുവല്ല | 38060<br>37046 |
| 13 | കൊല്ലം | 1. ഗവ: എച്ച്.എസ്.എസ്.പുത്തൂർ, കൊട്ടാരക്കര<br>2. പട്ടാഴി,ഗവ: എച്ച്.എസ്.എസ്<br>3. ഗവ: മോഡൽ ബി.എച്ച്.എസ്.എസ്. കൊല്ലം | 39035<br>39038<br>41056 |
| 14 | തിരുവനന്തപുരം | 1. ഗവൺമെന്റ് മോഡൽ ജി.എച്ച്.എസ്.എസ്.പട്ടം | 43035 |

## പരീക്ഷാ ഫീസും  അപേക്ഷ സമർപ്പിക്കേണ്ട വിധവും

**പരീക്ഷാ ഫീസായ 600 രൂപ, സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ എസ്.ബി.റ്റി.പൂജപ്പുര, തിരുവനന്തപുരം ശാഖയിൽ മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട പരീക്ഷാർത്ഥികൾക്ക് പരീക്ഷാഫീസ് സൗജന്യമാണ്.**

**പരീക്ഷാർത്ഥിയുടെ ജനനത്തീയതി , മതം, ജാതി എന്നിവ തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.**

**പൂരിപ്പിച്ച അപേക്ഷകൾ അതാത് പരീക്ഷാ കേന്ദ്രങ്ങളിലെ ഹെഡ്മാസ്റ്റർമാർ/ പ്രിൻസിപ്പാൾമാർക്ക് 14-12-2007 വൈകുന്നേരം 4.00 മണിക്ക് മുമ്പായി നൽകേണ്ടതാണ് . ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ ശരിപകർപ്പുകൾ അവയുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഒത്തുനോക്കി അവ ശരിയായിയാണെന്ന് ഹെഡ് മാസ്റ്റർമാർ/ പ്രിൻസിപ്പാൽമാർ അപേക്ഷ സ്വീകരിക്കുന്ന സമയത്ത് ഉറപ്പ് വരുത്തേണ്ടതാണ്. 14.12.2007 വരെ ലഭിക്കുന്ന അപേക്ഷകളുടെ രണ്ട് ലിസ്റ്റുകൾ തയ്യാറാക്കി, അതിലൊരെണ്ണം അപേക്ഷയും അനുബന്ധ രേഖകളും ഉൾപ്പെടെ 19.12.2007 മുൻപായി പരീക്ഷാഭവനിൽ എത്തിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ഒരു ലിസ്റ്റ് അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്.**

**ഒപ്പ്**
**പരീക്ഷാ കമ്മീഷണർ**

**അംഗീകാരത്തോടെ**

**എം.കെ.ശിവൻകുട്ടി**
**സെക്രട്ടറി**

**പകർപ്പ് :-**

**എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലേയും ചീഫ് സൂപ്രണ്ടമാർക്ക്**
**ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക്**
**എല്ലാ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും**
**ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി**
**ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർക്ക്**
**എ സെക്ഷൻ സൂപ്രണ്ടന്**
**എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും**
**ജെ.സി യുടെ മേശപ്പുറത്ത്**
**സിസ്റ്റം മാനേജർക്ക്**
**സൂക്ഷിപ്പു ഫയലിൽ**

## പത്താംതരം തുല്യത എ ലവൽ പരീക്ഷയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ
## ജനുവരി 2008

1. പരീക്ഷാ കേന്ദ്രത്തിന്റെ നമ്പരും പേരും സ്ഥലവും :
2. വിദ്യാഭ്യാസ ജില്ല :
3. പരീക്ഷാർത്ഥിയുടെ പേര് (എ)സ്ത്രീയോ/പുരുഷനോ :
4. സ്ഥിരമായ മേൽ വിലാസം
   (പിൻ കോഡ് സഹിതം ) :

5. കത്തുകൾ അയയ്ക്കുന്നതിനുള്ള പൂർണ്ണ വിലാസം
   (ഫോൺ നമ്പർ എസ്. റ്റി.ഡി.കോഡ് ഉൾപ്പെടെ) :

6. (a)മതവും ജാതിയും
   (പട്ടിക ജാതിയോ/ പട്ടിക വർഗ്ഗമോ)
   (സർട്ടിഫിക്കറ്റ് ഹാജരാക്കണം) :
7. ജനനതീയതി (അക്കത്തിലും അക്ഷരത്തിലും)
8. രക്ഷകർത്താവിന്റെ പേര് 1. പിതാവ് :
   2. മാതാവ് :
9. ഫീസിളവിന് അർഹനാണോ :
10. ഫീസ് ഒടുക്കുന്നതിന്റെ വിവരം

| ഡി.ഡി.നമ്പർ | തീയതി | ബാങ്കിന്റെ പേര് | തുക |
|---|---|---|---|
| | | | |

11. തിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ 1.
    2.
12. മറ്റു വിവരങ്ങൾ:

ഞാൻ പ്രസ്താവിച്ച മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്

സ്ഥലം:
തീയതി: പരീക്ഷാർത്ഥിയുടെ ഒപ്പ്

### സാക്ഷ്യപത്രം (1)

ശ്രീ/ശ്രീമതി .................................... സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം എ ലെവൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് മേൽ പ്രസ്താവിച്ച വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടതായും സാക്ഷ്യപെടുത്തികൊള്ളുന്നു.

സ്ഥലം ജില്ലാ പ്രോജക്ട് കോർഡിനേറ്റർ
തീയതി (സാകഷരതാ മിഷൻ)

ആഫീസ് മുദ്ര

### സാക്ഷ്യപത്രം (2)

വിദ്യാർത്ഥിയുടെ ബയോഡേറ്റ പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ വസ്തുനിഷ്ഠമായിട്ടുള്ളതാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം:
തീയതി: സ്കൂൾ മുദ്ര ഹെഡ്മാസ്റ്ററുടെ ഒപ്പ്

## പത്താം തരം എ ലെവൽ പരീക്ഷ-ജനുവരി 2008
## പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/ഹൈസ്കൂളിലേയും ട്രെയിനിംഗ് സ്കൂളിലേയും ഹെഡ്മാസ്റ്റർമാർ/എം.പി.മാർ/ എം.എൽ.എ.മാർ/ അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ആഫീസർമാർ തുടങ്ങിയവർക്ക് ഈ സർട്ടിഫിക്കറ്റ് - സാക്ഷ്യപ്പെടുത്താവുന്നതാണ്)

ഫോട്ടോ

പരീക്ഷാർത്ഥിയുടെ പേര് :

ജനനതീയതി :

പൂർണ്ണമായ മേൽവിലാസം :

സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ
പേരും ഉദ്യോഗപ്പേരും വിലാസവും :

പരീക്ഷാർത്ഥിയുടെ ഒപ്പ്
(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന
ഉദ്യോഗസ്ഥന്റെ മുമ്പിൽവച്ച് ഒപ്പ്
ഇടേണ്ടതാകുന്നു).

തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്
നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്
(ഫോട്ടോയുടെപുറത്ത് ഇടേണ്ടതാകുന്നു ഫോട്ടോയിൽ)
റബ്ബർ സ്റ്റാംപ് പതിക്കുവാൻ പാടില്ല.)

---

### പരീക്ഷാർത്ഥിയുടെ അഡ്മിഷൻ ടിക്കറ്റ്
### (പത്താം തരം"എ" ലവൽ തുല്യമായ പരീക്ഷ ജനുവരി 2008)

രജി.നംപർ

പരീക്ഷാ കേന്ദ്രത്തിന്റെ പേരും കോഡും :

പരീക്ഷാർത്ഥിയുടെ പേര് :

പൂർണ്ണമായ മേൽ വിലാസം :

പരീക്ഷാ മാധ്യമം :

ഫോട്ടോ

പരീക്ഷാർത്ഥിയുടെ ഒപ്പ്
(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന
ഉദ്യോഗസ്ഥന്റെ മുമ്പിൽവച്ച് ഒപ്പ്
ഇടേണ്ടതാകുന്നു).

തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്
നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്
(ഫോട്ടോയുടെപുറത്ത് ഇടേണ്ടതാകുന്നു ഫോട്ടോയിൽ)
റബ്ബർ സ്റ്റാംപ് പതിക്കുവാൻ പാടില്ല.)

മുദ്ര

പേരും ഔദ്യോഗിക പദവിയും

2008 ജനുവരിയിലെ "എ" ലവൽ തുല്യത പരീക്ഷാർത്ഥിയായ ശ്രീ/ശ്രീമതി ...................................................................................... യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(മുദ്ര)

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേരും
ഒപ്പും ഔദ്യോഗിക പദവിയും